**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്-തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ എന്നീ അംഗീകൃത തസ്തികകൾക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (എഫ് .ഡബ്ല്യു) വകുപ്പ്**

സ.ഉ.(കൈ) നം.98/2022/H&FWD തീയതി,തിരുവനന്തപുരം, 11-05-2022

---

പരാമർശം:- 1. 08/08/2018 തീയതിയിലെ സ.ഉ(കൈ) നം. 158 /2018/H&FWD നമ്പർ ഉത്തരവ്

2. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ഡയറക്ടറുടെ 01-10-2021 തീയതിയിലെ RCC/435/2021/ADMN-2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ നേഴ്സിംഗ് അസിസ്റ്റന്റ്/ക്ലീനർ എന്നീ തസ്തികകൾക്ക് 11-ാം ശമ്പള പരിഷ്കരണം അനുവദിക്കണമെന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 12-07-2021 തീയതിയിലെ 22-ാംനമ്പർ തീരുമാനത്തിന്റെ വെളിച്ചത്തിൽ പരാമർശം 2 പ്രകാരം റീജിയണൽ കാൻസർ സെന്റർ ഡയറക്ടർ പ്രപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആർ.സി.സി യിലെ നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ എന്നീ അംഗീകൃത തസ്തികകൾക്ക് ചുവടെ പരാമർശിക്കുന്ന നിബന്ധനകളോടെ ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

I

| ക്രമ നം. | തസ്തികയുടെ പേര് | എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | അനുവദനീയമായ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | നഴ്സിംഗ് അസിസ്റ്റന്റ് | 87 | 17000-37500 | 23700-52600 |
| 2 | ക്ലീനർ | 53 | 16500-35700 | 23000-50200 |

II. യാതൊരു കാരണവശാലും ശമ്പള സ്കെയിലിൽ സ്റ്റെപ്പ് അപ്പ് അനുവദിക്കുന്നതല്ല.

III. ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.07.2019 ആയിരിക്കും. അലവൻസുകളുടെ പ്രാബല്യ തിയതി 01.03.2021 ആയിരിക്കും.

IV. 01.07.2019-ലെ പുതുക്കിയ ശമ്പളസ്കെയിലിനൊപ്പം അനുവദനീയമായ ക്ഷാമബത്ത ചുവടെ ചേർക്കുന്നു. ക്ഷാമബത്ത, ക്ഷാമബത്ത കുടിശ്ശിക, ശമ്പള കുടിശ്ശിക എന്നിവ അനുവദിക്കുന്നത് ആർ.സി.സി.യുടെ തനതു ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചായിരിക്കും.

| തീയതി | ക്ഷാമബത്ത നിരക്ക് | ആകെ ക്ഷാമബത്ത |
|---|---|---|
| 01.07.2019 | 0% | 0% |
| 01.01.2020 | 4 % | 4 % |
| 01.07.2020 | 3 % | 7 % |

V. ശമ്പള കടിശ്ശിക അനുവദിക്കുന്നതിന് 10.02.2021-ലെ സ.ഉ(അ)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 43-ലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

VI. ശമ്പള നിർണ്ണയം 10.02.2021 -ലെ സ.ഉ(അ)നം.27/2021/ധന ഉത്തരവിലെ അനുഛേദം II പ്രകാരമായിരിക്കും.

VII. ആർ.സി.സി. ജീവനക്കാരുടെ വീട്ടുവാടക ബത്ത 10.02.2021-ലെ സ.ഉ(അ)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12 പ്രകാരമായിരിക്കും. മേൽ പരാമർശിച്ചതല്ലാതെ മറ്റു അലവൻസുകൾ അനുവദിക്കുവാൻ പാടില്ലാത്തതാണ് .

VIII. സമയബന്ധിത ഹയർഗ്രേഡ് 10.02.2021-ലെ സ.ഉ.(അ)നമ്പർ.27/2021/ധന ഉത്തരവിലെ അനെക്ഷർ VI-ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ പ്രകാരമായിരിക്കും.

IX. തസ്തിക ഉയർത്തൽ/തസ്തിക സൃഷ്ടിക്കൽ/പുനർനാമകരണം എന്നിവ മുൻകൂർ സർക്കാർ അനുമതി കൂടാതെ നടപ്പിലാക്കുവാൻ പാടില്ല.

X. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിച്ച തസ്തികകളിലൊഴികെ യാതൊരു നിയമനവും പാടുള്ളതല്ല. ( ഫുൾടൈം, പാർട്ട് ടൈം, താൽക്കാലിക നിയമനം, കരാർ നിയമനം, ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം).

XI. 22.10.2001 ലെ സ.ഉ.(അ)നമ്പർ.1208/2001/ധന ഉത്തരവനുസരിച്ച് ഒരു വർഷത്തിലേറെയായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നിർത്തലാക്കേണ്ടതാണ്.

XII. ശമ്പള നിർണ്ണയം സംബന്ധിച്ച് അവ്യക്തതയുള്ള പക്ഷം സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ് .

XIII. ആർ.സി. സി യിൽ ശമ്പള പരിഷ്കരണം നടത്തുന്നതു കാരണമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ആർ.സി.സി.യുടെ തനതു വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഈയാവശ്യത്തിലേയ്ക്ക് സർക്കാർ ധനസഹായം അനുവദിക്കുന്നതല്ല.

XIV. ജീവനക്കാരുടെ പങ്കാളിത്തമുറപ്പുവരുത്തുന്ന രീതിയിൽ ആർ.സി.സി യിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ്.

XV. ആർ.സി.സി യിൽ നിലവിലുള്ള ഓഡിറ്റ് തടസ്സവാദങ്ങൾ നീക്കുവാനുള്ള നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ് .

XVI. ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിൽ പിഴവു സംഭവിക്കുന്ന പക്ഷം ആർ.സി.സി ഡയറക്ടർ ഉത്തരവാദിയായിരിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജൻ നാംദേവ് ഖൊബ്രഗഡെ

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ് ), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി) വകുപ്പ് ( 12.4.2022 ലെ ഇനം നമ്പർ 660)
ധനകാര്യ (പി യു സി) വകുപ്പ് (PU-C1/207/2021-FIN (1917934) തീയതി 09.02.2022)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Neelima G**
**Date: 11-05-2022 22:40:23**
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-04-2022

ഫയൽ നം. HEALTH-FW2/277/2021- HEALTH. ഇനം നം: 660

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ നേഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ തസ്തികകളിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

12/4/2022.

660

# കേരള സർക്കാർ

## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. ഫയൽ നം. | : | HEALTH-FW2/277/2021-HEALTH |
| 2. വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യൂ) വകുപ്പ് |
| 3. വിഷയം | : | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ നേഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ തസ്തികകളിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.03.2022 |
| 5.(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ | : | അതേ. |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ബി.സുരേന്ദ്രൻ പിള്ള |
| 8. കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. രാജൻ നാംദേവ് ഖോബ്രാഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.04.2022 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വി.പി.ജോയ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.04.2022 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീമതി.വീണാ ജോർജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 05.04.2022 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 06.04.2022 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ നേഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ എന്നീ തസ്തികകളിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 08.08.2018-ലെ G.O (MS) No. 158/2018/H&FWD നമ്പർ ഉത്തരവ് പ്രകാരം ആർ.സി.സി യിലെ നേഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ തസ്തികകൾക്ക് 10-ാം ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവായിരുന്നു. G.O(P) No. 27/2021/Fin dated 10.02.2021 പ്രകാരം സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം പരിഷ്കരിച്ച് ഉത്തരവായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ RCC യിലെ നേഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ തസ്തികകൾക്ക് 11-ാം ശമ്പള പരിഷ്കരണം അനുവദിക്കുന്നതിന് ആർ.സി.സി ഡയറക്ടർ 01/10/2021 തീയതിയിലെ RCC/435/2021/ADMN-2 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിലേക്ക് അഭിപ്രായത്തിനായി അയയ്ക്കുകയും നേഴ്സിംഗ് അസിസ്റ്റന്റ് / ക്ലീനർ തസ്തികകൾക്ക് 11-ാം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് താഴെ പറയുന്ന ഉപാധികളോടെ ധനകാര്യ വകുപ്പ് അനുമതി നൽകുകയും ചെയ്തു.

ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"ആർ.സി,സിയിലെ നഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ എന്നിവയുടെ അംഗീകൃത തസ്തികകൾക്ക് ചുവടെ പരാമർശിക്കുന്ന നിബന്ധനകളോടെ ശമ്പളപരിഷ്കരണം അനുവദിക്കുന്നു.

I.

| ക്രമ നം . | തസ്തികയുടെ പേര് | എണ്ണം | നിലവിലെ ശമ്പള സ്കെയിൽ | അനുവദനീയമായ ശമ്പള സ്കെയിൽ |
|---|---|---|---|---|
| 1 | നഴ്സിംഗ് അസിസ്റ്റന്റ് | 87 | 17000-37500 | 23700-52600 |

| | | | | |
|---|---|---|---|---|
| 2 | ക്ലീനർ | 53 | 16500-35700 | 23000-50200 |

II. യാതൊരു കാരണവശാലും ശമ്പള സ്കെയിലിൽ സ്റ്റെപ്പ് അപ്പ് അനുവദിക്കുന്നതല്ല .

III. ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.07.2019 ആയിരിക്കും. അലവൻസുകളുടെ പ്രാബല്യ തിയതി 01.03.2021 ആയിരിക്കും .

IV. 01.07.2019 - ലെ പുതുക്കിയ ശമ്പള സ്കെയിലിനൊപ്പം അനുവദനീയമായ ക്ഷാമബത്ത ചുവടെ ചേർക്കുന്നു. ക്ഷാമബത്ത, ക്ഷാമബത്ത കുടിശ്ശിക, ശമ്പള കുടിശ്ശിക എന്നിവ അനുവദിക്കുന്നത് ആർ. സി. സിയുടെ തനതു ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചായിരിക്കും.

| തിയതി | ക്ഷാമബത്ത നിരക്ക് | ആകെ ക്ഷാമബത്ത |
|---|---|---|
| 01.07.2019 | 0% | 0% |
| 01.01.2020 | 4 % | 4 % |
| 01.07.2020 | 3 % | 7 % |

V. ശമ്പള കുടിശ്ശിക അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ(അ)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 43 ലെയും അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

VI. ശമ്പള നിർണ്ണയം 10.02.2021 - ലെ സ.ഉ(അ)നം.27/2021/ധന ഉത്തരവിലെ അനുച്ഛേദം II പ്രകാരമായിരിക്കും.

VII. ആർ.സി.സി ജീവനക്കാരുടെ വീട്ടുവാടക ബത്ത 10.02.2021 - ലെ സ.ഉ(അ)നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12 പ്രകാരമായിരിക്കും. മേൽ പരാമർശിച്ചതല്ലാതെ മറ്റു അലവൻസുകൾ അനുവദിക്കുവാൻ പാടില്ലാത്തതാണ്.

VIII. സമയ ബന്ധിത ഹയർ ഗ്രേഡ് 10.02.2021 ലെ സ.ഉ.(അ)നമ്പർ.27/2021/ധന ഉത്തരവിലെ അനെക്ഷർ VI ലെ ഖണ്ഡിക 22 ഒഴികെയുള്ള വ്യവസ്ഥകൾ പ്രകാരമായിരിക്കും.

IX. തസ്തിക ഉയർത്തൽ / തസ്തിക സൃഷ്ടിക്കൽ / പുനർനാമകരണം എന്നിവ മുൻകൂർ

സർക്കാർ അനുമതി കൂടാതെ നടപ്പിലാക്കുവാൻ പാടില്ല.

X. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൃഷ്ടിച്ച തസ്തികകളിലൊഴികെ യാതൊരു നിയമനവും പാടുള്ളതല്ല . (ഫുൾടൈം, പാർട്ട് ടൈം, താൽക്കാലിക നിയമനം, കരാർ നിയമനം, ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം).

XI. 22.10.2001 ലെ സ.ഉ.(അ)നമ്പർ.1208/2001/ധന ഉത്തരവനുസരിച്ച് ഒരു വർഷത്തിലേറെയായി ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നിർത്തലാക്കേണ്ടതാണ്.

XII. ശമ്പള നിർണ്ണയം സംബന്ധിച്ച് അവ്യക്തതയുള്ള പക്ഷം സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ് .

XIII. ആർ . സി . സി യിൽ ശമ്പള പരിഷ്കരണം നടത്തുന്നതു കാരണമുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ആർ. സി. സിയുടെ തനതു വരുമാനത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്. ഈയാവശ്യത്തിലേയ്ക്ക് സർക്കാർ ധനസഹായം അനുവദിക്കുന്നതല്ല.

XIV. ജീവനക്കാരുടെ പങ്കാളിത്തമുറപ്പവരുത്തുന്ന രീതിയിൽ ആർ.സി.സി യിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ്.

XV. ആർ.സി.സി യിൽ നിലവിലുള്ള ഓഡിറ്റ് തടസ്സവാദങ്ങൾ നീക്കുവാനുള്ള നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതാണ്.

XVI. ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിൽ പിഴവു സംഭവിക്കുന്ന പക്ഷം ആർ. സി. സി ഡയറക്ടർ ഉത്തരവാദിയായിരിക്കുന്നതാണ് .

XVII. ആർ. സി. സിയുടെ ശമ്പള പരിഷ്കരണ ശുപാർശ ബഹു. മന്ത്രിസഭാ യോഗത്തിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതും സർക്കാർ ഉത്തരവിന്റെ കരട് ധനകാര്യവകുപ്പിൽ സൂക്ഷ്മപരിശോധനക്കായി സമർപ്പിക്കേണ്ടതുമാണ്.

ഇതിനു ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്"

3. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ക്യാൻസർ സെന്ററിലെ നേഴ്സിംഗ് അസിസ്റ്റന്റുമാർ, ക്ലീനർമാർ എന്നീ തസ്തികകളിലെ ജീവനക്കാർക്ക് 11-ാം ശമ്പള പരിഷ്കരണം അനുവദിക്കുന്ന വിഷയം

മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട സംഗതി</u>**

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ക്യാൻസർ സെന്ററിലെ നേഴ്സിംഗ് അസിസ്റ്റന്റ്, ക്ലീനർ എന്നിവയുടെ അംഗീകൃത തസ്തികകളിലെ ജീവനക്കാർക്ക് ഖണ്ഡിക 2 ൽ വിവരിച്ച പ്രകാരം പതിനൊന്നാം ശമ്പളപരിഷ്കരണം അനുവദിക്കാമോ?